# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3702 19.02.2013 - ൽ മറുപടിക്ക്**

## ഹൗസ്ബോട്ട് അപകടങ്ങൾ തടയുന്നതിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ : | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തുടർച്ചയായി ഉണ്ടായിക്കൊണ്ടിരിക്കുന്ന ഹൗസ് ബോട്ട് അപകടങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | നിലവിൽ ഹൗസ് ബോട്ട് സർവ്വീസുകളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനും നിരീക്ഷിക്കുന്നതിനും എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളതെന്നതിന്റെ വിശദാംശം അറിയിക്കുമോ; | (ബി) | കെ.ഐ.വി റൂൾ 2010-ലെ ചട്ടങ്ങൾക്ക് വിധേയമാണ് ഹൗസ് ബോട്ടുകൾ രജിസ്റ്റർ ചെയ്യുന്നത്. മേൽപ്പറഞ്ഞ ചട്ടം അനുശാസിക്കുന്ന ജീവൻ രക്ഷാ ഉപകരണങ്ങൾ, അഗ്നി ശമന ഉപകരണങ്ങൾ, സ്റ്റബിലിറ്റി ബുക്കുകൾ, മലിനീകരണ നിയന്ത്രണ സർട്ടിഫിക്കറ്റ്, കോമ്പറ്റൻസി സർട്ടിഫിക്കറ്റുള്ള ജീവനക്കാർ തുടങ്ങിയവ ഉണ്ടെന്ന് ഉറപ്പു വരുത്തിയതിന് ശേഷം മാത്രം ജലവാഹനം രജിസ്റ്റർ ചെയ്തു കൊടുക്കുന്നു. ഇത്തരത്തിൽ രജിസ്റ്റർ ചെയ്യുന്ന ജലവാഹനങ്ങളിൽ സർട്ടിഫിക്കറ്റ് ഓഫ് സർവ്വേ സൂക്ഷിക്കേണ്ടത് നിർബന്ധമാണ്. സർട്ടിഫിക്കറ്റ് ഓഫ് സർവ്വേയുടെ കാലാവധി ഒരു വർഷമാണ്. ഇത്തരത്തിൽ രജിസ്റ്റർ ചെയ്യുന്ന ജലവാഹനങ്ങൾ വർഷാവർഷം പരിശോധിച്ച് സർട്ടിഫിക്കറ്റ് ഓഫ് സർവ്വേ പുതുക്കേണ്ടതുണ്ട്. കൂടാതെ മിന്നൽ പരിശോധനകളിൽ സർട്ടിഫിക്കറ്റ് ഓഫ് സർവ്വേ അനുശാസിക്കുന്നവിധം ഉപകരണങ്ങൾ പ്രവർത്തന ക്ഷമമാണെന്ന് ഉറപ്പ് വരുത്താറുണ്ട്. കെ.ഐ.വി റൂൾ 2010 നിയമം നടപ്പിൽ വരുത്തുന്നതിന് രജിസ്റ്ററിംഗ് അതോറിറ്റി, ചീഫ് എക്സാമിനർ, ചീഫ് സർവ്വേയർ, സർവ്വേയർ എന്നീ തസ്തികകൾ സൃഷ്ടിക്കുകയും, ഉദ്യോഗസ്ഥരെ |

കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിക്കുകയും ചെയ്തു.

| | |
|---|---|
| (സി) ഈയിടെയായി വർദ്ധിച്ചു വരുന്ന ഹൗസ് ബോട്ട് അപകടങ്ങൾ, നിലവിലുള്ള സംവിധാനം പൂർണ്ണമായും പര്യാപ്തമാകുന്നില്ല എന്ന് വെളിപ്പെടുത്തുന്നുണ്ടോ; | (സി) ഉണ്ട്. |
| (ഡി) ഹൗസ് ബോട്ട് അപകടങ്ങൾ തടയുന്നതിനുവേണ്ടി എന്തെല്ലാം പുതിയ തീരുമാനങ്ങളാണ് എടുത്തിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ഡി) 1. കേരളത്തിലുള്ള ഭൂരിഭാഗം ജലയാനങ്ങളും യന്ത്രങ്ങൾ ഘടിപ്പിക്കാതെ യാത്ര ചെയ്യുന്നവയാണ്. കടത്തു വള്ളങ്ങൾ, വഞ്ചികൾ എന്നിവയിൽ ധാരാളം പേർ യാത്ര ചെയ്യുന്നുണ്ട്. അവരുടെ സുരക്ഷ കണക്കിലെടുത്ത് നോൺ മെക്കനൈസ്ഡ് ബോട്ടുകളെയും കെ.ഐ.വി ചട്ടത്തിനുള്ളിൽ കൊണ്ടുവരേണ്ടതുണ്ട്. ആയത് പരിശോധിച്ചു വരുന്നു.<br><br>2. യന്ത്രവൽകൃത ബോട്ടുകൾക്കുള്ള ചട്ടങ്ങളിൽ മാറ്റങ്ങൾ വരുത്തുന്ന കാര്യവും പരിശോധനയിലാണ്.<br><br>3. ഹൗസ് ബോട്ടുകളിൽ നിന്നുള്ള മലിനീകരണം തടയുന്നതിനുവേണ്ടി ഒരു സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><br>4. ഹൗസ് ബോട്ടുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടി ~~ആലപ്പുഴയിലും കുമരകത്തും~~ ഡ്രൈഡോക്കുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>നിലവിലുള്ള കെ.ഐ.വി റൂൾസിൽ ഭേദഗതി ആവശ്യമാണോഎന്ന കാര്യം പരിശോധിച്ചു വരുന്നു. |

കേരള മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് വഴി ജീവനക്കാർക്കുവേണ്ട ട്രെയിനിംഗുകൾ നടത്തി വരുന്നു

സെക്ഷൻ ഓഫീസർ